പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 1129

20/03/2012-ൽ മറുപടി
നല്കേണ്ടത്

# പത്തനംതിട്ട ജില്ലയിലെ കൈവശക്കൃഷിക്കാർക്ക് പട്ടയം ലഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) പത്തനംതിട്ട ജില്ലയിൽ 1.1.1977-നുമുൻപുമുതലുള്ള എത്ര കൈവശക്കൃഷിക്കാർക്കാണ് ഇനിയും അവരുടെ കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുള്ളതെന്ന് വില്ലേജ് തിരിച്ച്, കൈവശഭൂമിയുടെ വിസ്തീർണ്ണം സഹിതം വ്യക്തമാക്കാമോ ; ഇതിൽ ഇനിയും ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ലാത്ത സ്ഥലങ്ങൾ ഉണ്ടോ ; എങ്കിൽ ഏതൊക്കെ വില്ലേജുകളിൽ എത്ര ഭൂമിയാണ് ഇങ്ങനെ അവശേഷിക്കുന്നത് ; | (എ) ജില്ലയിൽ 6857 കൈവശകൃഷിക്കാർക്ക് ആണ് പട്ടയം ലഭിക്കാനുള്ളത്. കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുള്ളവരുടെ വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം എ) |
| (ബി) പത്തനംതിട്ട ജില്ലയിലെ 1.1.77-നുമുൻപുമുതലുള്ള കൈവശക്കൃഷിക്കാർക്ക് പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളത് ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ ; ഇവർക്ക് എന്നത്തേയ്ക്ക് പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; | (ബി) റാന്നി, അടൂർ, മല്ലപ്പിള്ളി താലൂക്കുകളിലെ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ട്. എങ്കിലും വിസ്തീർണ്ണം തിട്ടപ്പെടുത്തി സ്കെച്ച് തയ്യാറാക്കേണ്ടതായിട്ടുണ്ട്. ജീവനക്കാരുടെ ദൗർലഭ്യം മൂലമാണ് സർവ്വെ ജോലികൾ സമയത്ത് നടത്താൻ കഴിയാതെ വന്നിട്ടുള്ളത്. കോഴഞ്ചേരി താലൂക്കിലെ സംയുക്ത പരിശോധന പൂർത്തിയാക്കുന്നതിന് കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും റെയ്ഞ്ച് ഓഫീസർക്കും കത്ത് നല്കിയിട്ടുള്ളതും ആയതിന്മേൽ കോഴഞ്ചേരി തഹസീൽദാർ തുടർ നടപടി സ്വീകരിക്കുന്നതാണ്. സർവ്വെ നടപടികൾ പൂർത്തിയാക്കിയതിനുശേഷം കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കി പട്ടയം നല്കുന്നതാണ്. |
| (സി) പത്തനംതിട്ട ജില്ലയിലെ ഭക്ഷ്യോൽപ്പാദനമേഖലയിലെ കൈവശക്കൃഷിക്കാരുടെ കൈവശഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ടോ ; ഇനിയും ഏതൊക്കെ വില്ലേജുകളിലെ എത്ര ഏക്കർ ഭൂമിക്കാണ് ഇങ്ങനെ പട്ടയം നൽകാനുള്ളത് ; ഇവർക്ക് പട്ടയം നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്താക്കെ എന്ന് വ്യക്തമാക്കാമോ ; എന്നത്തേയ്ക്ക് ഇവർക്ക് പട്ടയം ലഭ്യമാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ? | (സി) റാന്നി താലൂക്കിലെ കൊല്ലമുള വില്ലേജിൽ പമ്പാവാലി പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നല്കിയിട്ടുണ്ട്. ചിറ്റാർ സീതത്തോട് വില്ലേജിൽ ഗ്രോമോർ ഫുഡ് പദ്ധതി പ്രകാരം കൈവശം വച്ചിരിക്കുന്ന 179 .91.85 ഹെക്ടർ വസ്തുവിന് പട്ടയം നല്കാനുണ്ട്. കോഴഞ്ചേരി താലൂക്കിലെ അരുവാപ്പുലം, കോന്നിത്താഴം വില്ലേജുകളിൽ ഭക്ഷ്യോത്പാദന മേഖലയിലെ കൈവശക്കാർക്ക് പട്ടയം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം എ

| വില്ലേജ് | ആൾക്കാരുടെ എണ്ണം | വിസ്തീർണ്ണം | സംയുക്ത പരിശോധന നടന്നത് | |
|---|---|---|---|---|
| | | | എണ്ണം | വിസ്തീർണ്ണം |
| ചിറ്റാർ സീതത്തോട് | 4530 | 1362.27.63 | 4530 | 1362.27.63 |
| കൊല്ലമുള്ള | 335 | 123.99.19 | 335 | 123.99.19 |
| അത്തിക്കയം | 110 | 26.73.18 | 110 | 26.73.18 |
| പെരുനാട് | 148 | 03.36.00 | 148 | 03.36.00 |
| വടശ്ശേരിക്കര | 31 | 09.64.00 | 31 | 09.64.00 |
| പെരുമ്പെട്ടി | 414 | 104.15.198 | 414 | 104.15.198 |
| അരുവാപ്പുലം | 419 | 143.6391 | - | - |
| തണ്ണിത്തോട് | 758 | 267.87.00 | 391 | 119.38.94 |
| കോന്നിത്താഴം | 21 | 14.82.00 | | |
| കലഞ്ഞൂർ | 91 | കൈവശം അനുസരിച്ച് വിസ്തീർണ്ണം തിട്ടപ്പെടുത്തിയിട്ടില്ല | | |
| ആകെ | 6857 | 2056.48.108 | 5959 | 1749.59.138 |